# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ.എസ്റ്റാ.I(1) 3975/10/ഗ.വി | തിരുവനന്തപുരം,
തീയതി: 13.01.2012

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ പരീക്ഷാ കൺട്രോളറുടെ ആഫീസിൽ ഉപയോഗിക്കുന്നതിനായി താഴെ പറയുന്ന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. ലോക്കർ സൗകര്യമുള്ള ഗോദ്റജ് സ്റ്റീൽ അലമാര (സ്ലിംലൈൻ കോമ്പക്റ്റ് - 750 X 450 X 1830) - 1

2. കാഷ് ബോക്സ് (ടേബിൾ ടോപ്പ് മോഡൽ) - സ്റ്റീൽ - 1

മേൽപ്പറഞ്ഞ സാധനങ്ങളുടെ വില, ഗ്യാരന്റി , ടാക്സ് എന്നീ വിവരങ്ങൾ പ്രത്യേകം ക്വട്ടേഷനിൽ കാണിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ "ഗോദ്റജ് സ്റ്റീൽ അലമാര, കാഷ് ബോക്സ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേൽക്കുറിപ്പോടെ "സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-4" എന്ന വിലാസത്തിൽ 25.01.2012 ന് 3 മണിക്ക് മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം നാലുമണിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ക്വട്ടേഷൻ നല്കിയവരുടേയും അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ആളുകൾ ഹാജരായാൽ അവരുടേയും സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷൻ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ പ്രസ്തുത വിവരം സ്ഥാപനത്തെ അറിയിക്കുന്നതും ആവശ്യപ്പെടുന്ന തീയതിക്കകം വിതരണം ചെയ്യേണ്ടതുമാണ്. ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക ഡി.ഡി.യായി നൽകുന്നതായിരിക്കും

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അധികാരം കെ.പി.എസ്.സി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

**പി.സി. ബിനോയി,**
സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

*SOP/Estt/16.01.12*